**കേരള സർക്കാർ**
**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - കേരളാ സ്റ്റേറ്റ് ബാംബു കോർപ്പറേഷനു ക്ളോഷർ പിരീഡിൽ ഈറ്റ ശേഖരിക്കുന്നതിനു അനുവാദം നൽകിക്കൊണ്ട് ഉത്തരവ്

---

വനം വന്യജീവി (ഡി) വകുപ്പ്

ജി.ഒ.(ആർ.റ്റി.)നം.227/2001/വനം തീയതി, തിരുവനന്തപുരം 14.6.01.

---

പരാമർശം : - 1) 1.6.2000-ലെ ജി.ഒ.(ആർ.റ്റി.) നം.255/2000/വനം

2) കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 27-4-2001 -ലെ കെ.എസ് ബി സി /ആർഡി/2001/97 നമ്പർ കത്ത്.

3) ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (സംരക്ഷണം) 22-5-2001-ലെ ജി 3-31148/99 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം. 2000 വർഷത്തെ ക്ളോഷർ പീരിയഡിൽ പുതുനാംപുകൾക്ക് കേടു വരാതെ നെയ്ത്തീറ്റ ശേഖരിക്കുന്നതിന് കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനു പ്രത്യേക അനുവാദം നൽകിയിരുന്നു. വരും വർഷങ്ങളിലെ ക്ളോഷർ പീരീഡിൽ പരമ്പരാഗത ഈറ്റ തൊഴിൽ ചെയ്യുന്നവർക്കു നൽകുന്നതിനുവേണ്ട ഈറ്റ ശേഖരണം നേരത്തേ നടത്തുന്നതിനും ഇവ അവ സൂക്ഷിക്കുന്നതിനും വേണ്ട സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും കോർപ്പറേഷനോട് നിർദ്ദേശിച്ചിരുന്നു.

(2) കോർപ്പറേഷന്റെ നിലവിലുള്ള സംവിധാനത്തിൽ പ്രതിമാസം ആവശ്യമായ 13 ലക്ഷം ഈറ്റ കൂടി അതാതു മെയ് മാസത്തിൽ ഒന്നിച്ച് ശേഖരിക്കുക എന്നത് നിലവിലുള്ള സംവിധാനത്തിൽ പ്രായോഗികമല്ലെന്നും യന്ത്ര സഹായത്തോടെ ഇതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം കോർപ്പറേഷന്റെ പരിഗണനയിലുണ്ടെന്നും ആയതിനാൽ ഈ വർഷം കൂടി പരംപരാഗത ഈറ്റത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിന് കോളോഷർ പീരിയഡിൽ ഈറ്റ ശേഖരിക്കുവാൻ അനുവാദം നൽകണമെന്നും ബാംബു കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സർക്കാറിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ളോഷർ പീരിയഡിൽ ഈറ്റശേഖരണം അനുവദിക്കുന്നത് അഭികാമ്യമല്ലെങ്കിലും ഇത്തരം ഒരു നിയന്ത്രണം ബാംബു കോർപ്പറേഷനെ ആശ്രയിച്ചു കഴിയുന്ന കേരളത്തിലെ ലക്ഷക്കണക്കിന് പരംപരാഗത ഈറ്റത്തൊഴിലാളികൾക്ക് ടി. കാലയളവിൽ ഉപജീവനമാർഗ്ഗം നഷ്ടപ്പെടാനിടയാക്കും എന്ന വസ്തുത കണക്കിലെടുത്ത് പുതു നാംപുകൾക്ക് കേടു വരാതെ മുൻ വർഷങ്ങളിൽ നൽകിയതുപോലെ 2001 വർഷത്തെ ക്ളോഷർ പീരിയഡിലും ഈറ്റ ശേഖരണം നടത്തുന്നതിനുള്ള പ്രത്യേക അനുവാദം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(4) വരും വർഷങ്ങളിലെ ക്ളോഷർ പീരീയഡിൽ പരമ്പരാഗത ഈറ്റ തൊഴിലാളികൾക്ക് നൽകുന്നതിന് വേണ്ട ഈറ്റ നേരത്തേ ശേഖരിച്ച് സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾോ കോർപ്പറേഷന്ോ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി. ചെറിയാൻ ഫിലിപ്പ്.
ജോയിന്റ് സെക്രട്ടറി.

ചീഫ് ഫോറസ്റ്റ് കൺസ,ർവേറ്റർ (സംരക്ഷണം). തിരുവനന്തപുരം.

**<u>മേലെഴുത്ത് നമ്പർ ജി 3-31148/99. തീയതി : 15..6..2000</u>**

കൊല്ലം, കോട്ടയം, തൃശൂർ, ഒലവക്കോട്, കോഴിക്കോട് സർക്കിൾ കൺസർവേറ്റർമാർക്കു അനന്തരനടപടികൾക്കായി അയക്കുന്നു. ബന്ധപ്പെട്ട ഡിവിഷണൻ ഫോറസ്റ്റ് ഓഫീസർമാർക്ക് അനന്തരനടപടി സ്വീകരിക്കുന്നതിനായി അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

പകർപ്പ് :- എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും അറിവിനും, നടപടിക്കുമായി അയയ്ക്കുന്നു.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കു വേണ്ടി.